**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2485** **12-12-2022 - ൽ മറുപടിയ്ക്ക്**

**ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതു ശുചിമുറികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇരുപത്തിനാലായിരം പൊതുശുചിമുറികൾ നിർമ്മിക്കുമെന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപനത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയ -സംസ്ഥാന പാതയോരങ്ങളിൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമ പഞ്ചായത്തുകളിൽ കുറഞ്ഞത് 2 എണ്ണം, നഗര സഭകളിൽ 5 എണ്ണം, കോർപ്പറേഷനുകളിൽ 8 എണ്ണം വീതം ടേക്ക് എ ബ്രേക്ക് എന്ന പേരിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. ഇതനുസരിച്ച് ആദ്യ ഘട്ടത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ളതും സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാവുന്ന തരത്തിൽ 1842 ശുചിമുറികളാണ് പണിയുന്നത്.ഇതിൽ പ്രവൃത്തി ആരംഭിച്ച 1314 എണ്ണത്തിൽ 658 എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ വർഷം തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ